പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 175 — 11.02.2020 - ൽ മറുപടിക്ക്

## ഭക്ഷ്യധാന്യ വിതരണരംഗത്തെ ഗുണനിലവാരത്തകർച്ച

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അനിൽ അക്കര**<br>**,, അനൂപ് ജേക്കബ്**<br>**,, ടി.ജെ. വിനോദ്**<br>**,, ഐ.സി.ബാലകൃഷ്ണൻ :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** സിവിൽ സപ്ലൈസിന്റെ ഭക്ഷ്യധാന്യ വിതരണത്തിൽ വ്യാപക ക്രമക്കേടും ഗുണനിലവാരത്തകർച്ചയും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഏത് സാഹചര്യത്തിലാണെന്ന് അറിയിക്കാമോ; | **(എ)** വ്യാപകമായ ക്രമക്കേടുകളോ ഗുണനിലവാര തകർച്ചയോ റേഷൻകടയിൽ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില ജില്ലകളിൽ കാലാവസ്ഥയുടെ വ്യതിയാനങ്ങൾ നിമിത്തം സംഭരിച്ച് സൂക്ഷിക്കുന്ന ഭക്ഷ്യ ധാന്യങ്ങൾക്ക് കേട് സംഭവിക്കാറുണ്ട്. ശാസ്ത്രീയ സൗകര്യമുള്ള ഗോഡൗണുകളുടെ അപര്യാപ്തതയും സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള രണ്ട് പ്രധാനപ്പെട്ട പ്രളയ സാഹചര്യങ്ങളും ആയതിന് ഒരു കാരണമാണ്. പ്രളയത്തിൽ പലയിടങ്ങളിലും കുറെയധികം ധാന്യങ്ങൾ ഈർപ്പം കയറി കേടുവരുകയുണ്ടായി. അവയിൽ ചിലത് സംസ്കരിച്ച് ഉപയോഗ യോഗ്യമാക്കാവുന്നതാണ്. അത്തരുണത്തിൽ ഉപയോഗയോഗ്യമാക്കാവുന്നവയെ അപ്രകാരം ചെയ്യും അല്ലാത്തവ മറ്റ് വ്യാവസായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുവാനും തീരുമാനം എടുത്തിട്ടുണ്ട്. |
| **(ബി)** ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മുഴുവൻ സപ്ലൈകോ ഗോഡൗണുകളിലും കണക്കെടുപ്പ് നടത്തുവാൻ സിവിൽ സപ്ലൈസ് ഡയറക്ടർ ഉത്തരവ് നൽകിയിരുന്നോ; പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ; | **(ബി)** കേടുവന്ന ഭക്ഷ്യധാന്യങ്ങൾ പുനഃസംസ്കരിച്ച് ഉപയോഗിക്കുന്നതു സംബന്ധിച്ച് തീരുമാനം എടുക്കുവാൻ സംസ്ഥാന തലത്തിൽ ഒരു കണക്കെടുപ്പ് നടത്തുവാൻ ഉത്തരവ് നൽകിയിരുന്നു. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ വിവിധ ജില്ലകളിൽ വിതരണം ചെയ്യാതെ മാറ്റിവയ്ക്കപ്പെട്ട ധാന്യങ്ങൾ ഭക്ഷ്യയോഗ്യം അല്ലാത്തതെന്നും ശാസ്ത്രീയമായി പുനഃസംസ്കരിച്ച് പുനരുപയോഗം സാധ്യമായതെന്നും രണ്ടായി തരം തിരിച്ചിട്ടുണ്ട്. ഗുണനിലവാര പരിശോധകരുടെ അംഗീകാരത്തോടെ അവയെ പുനഃസംസ്കരിക്കാൻ സാധിക്കുമെങ്കിൽ അപ്രകാരം ചെയ്യും അല്ലാത്തവ വ്യാവസായിക ആവശ്യത്തിന് ലേലം ചെയ്യും ഒഴിവാക്കുന്നതിനുള്ള നിർദ്ദേശമാണ് സർക്കാരിന്റെ |

പരിഗണനയിലുള്ളത്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ നിർദ്ദേശ പ്രകാരം വകുപ്പിലെ ഉദ്യോഗസ്ഥരും സപ്ലൈകോയിലെ ഉദ്യോഗസ്ഥരും സംയുക്തമായി എൻ.എഫ്.എസ്.എ ഗോഡൗണുകളിൽ കൃത്യമായി പരിശോധന നടത്തുന്നുണ്ട്. പ്രസ്തുത വേളയിൽ ക്രമക്കേടുകൾ കണ്ടെത്തിയാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർക്കശമായ അച്ചടക്ക നടപടി സ്വീകരിച്ചുവരികയുമാണ്.

(സി) സപ്ലൈകോ ഗോഡൗണുകളിൽ നിന്നും റേഷൻ കടകളിലേക്ക് വിതരണം ചെയ്ത അരിയിൽ **യും** പുഴുക്കളെ കണ്ടെത്തിയതിനെത്തുടർന്ന് കാർഡുടമകൾ വാങ്ങിക്കൊണ്ട് പോയ അരി കടകളിൽ തിരിച്ചെത്തിക്കുന്ന സാഹചര്യം **യും** ഉണ്ടായിട്ടുണ്ടോ;

(ഡി) ഇത്തരം ഉപയോഗ ശൂന്യമായ അരി തിരിച്ചെടുത്ത റേഷൻ വ്യാപാരികൾ ദുരിതത്തിലായ സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അവരെ സഹായിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ;

(സി) (ഡി) യാതൊരു കാരണവശാലും ഗുണനിലവാരം ഇല്ലാത്ത ധാന്യങ്ങൾ റേഷൻ കടകൾ വഴി ജനങ്ങൾക്ക് വിതരണം ചെയ്യരുതെന്ന് ഉദ്യോഗസ്ഥർക്കും ലൈസൻസികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഗുണനിലവാരം ഇല്ലാത്ത സാധനങ്ങൾ റേഷൻ കടയിൽ എത്തിയാൽ അവ തിരികെ ഏൽപ്പിച്ച് പകരം നല്ല ധാന്യങ്ങൾ വാങ്ങുന്നതിന് റേഷൻ ലൈസൻസികൾക്ക് സൗകര്യം ചെയ്തിട്ടുണ്ട്. റേഷൻ വ്യാപാരികൾക്ക് ദുരിതം ഉണ്ടായിട്ടില്ല.

(ഇ) ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര തകർച്ചയെക്കുറിച്ച് വ്യാപക പരാതി ഉണ്ടാകുന്ന സാഹചര്യത്തിൽ ക്വാളിറ്റി കൺട്രോൾ തസ്തികയിലേക്ക് കൂടുതൽ ജീവനക്കാരെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ?

(ഇ) സപ്ലൈകോയിൽ മാനേജർ (ക്യൂ.എ), അസിസ്റ്റൻറ് മാനേജർ (ക്യൂ.എ) തസ്തികയിലുള്ള ഉദ്യോഗസ്ഥരാണ് ഭക്ഷ്യധാന്യങ്ങളുടെ ഗുണ നിലവാര പരിശോധന നടത്തുന്നത്. 4 സ്ഥിരം അസിസ്റ്റൻറ് മാനേജർ(ക്യൂ.എ) മാരും കരാർ അടിസ്ഥാനത്തിൽ 19 ജൂനിയർ മാനേജർ (ക്യൂ.എ) മാരും നിലവിൽ സപ്ലൈകോയിൽ ജോലി ചെയ്തു വരുന്നു. പ്രസ്തുത ജീവനക്കാർ ജനറൽ/എൻ.എഫ്.എസ്.എ-യിൽ പ്രവർത്തിച്ചു വരുന്നു. ഗുണനിലവാര പരിശോധന കർശനമാക്കുന്നതിനും പരിശോധനകൾ കുറ്റമറ്റതാക്കുന്നതിനും കൂടുതൽ സ്ഥിരം ജീവനക്കാരുടെ സേവനം ആവശ്യമായതിനാൽ ആയതിലേക്കായി ജൂനിയർ മാനേജർ (ക്യൂ.എ) തസ്തികയിൽ 9 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശ പരിശോധിച്ചു വരുന്നുണ്ട്. നിലവിൽ ഒഴിവുള്ള ജൂനിയർ മാനേജർ (ക്യൂ.എ) തസ്തികയിൽ ഒഴിവുകൾ

നികത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. പുതിയ തസ്തികകൾ സൃഷ്ടിക്കുകയും നിലവിലെ ഒഴിവുകൾ നികത്തപ്പെടുകയും ചെയ്യുമ്പോൾ ഗുണനിലവാര പരിശോധനാ സംവിധാനം നിലവിലെ സാഹചര്യത്തെക്കാൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**